**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2281** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഇ-ഗവേണൻസ് സമ്പ്രദായം ശാക്തീകരിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തുടർച്ചയായി മൂന്നാം തവണയും രാജ്യത്തെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തായി മാറാൻ തിരുവനന്തപുരം ജില്ലക്കായിട്ടുണ്ടോ; സംസ്ഥാനത്തെ നഗരസഭകളെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് 2017-2018, 2019-2020, 2020-2021 സാമ്പത്തിക വർഷങ്ങളിൽ ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങളിൽ ദീൻദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം ലഭിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ നഗരസഭകളെ ശുചിത്വ പരിപാലനത്തിന്റെ അടിസ്ഥാനത്തിൽ റാങ്കിങ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ഇ-ഗവേണൻസ് സമ്പ്രദായം ശാക്തീകരിക്കുന്നതിന് പദ്ധതിയുണ്ടോ; | (ബി) | ഓഫീസ് പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിനായി ഗ്രാമ വികസന വകുപ്പിൽ e-office സംവിധാനം മുഖേന ഫയലുകൾ കൈകാര്യം ചെയ്യുന്നു.<br><br>ഗുണഭോക്താക്കൾക്ക് നേരിട്ട് പേയ്മെന്റ് നടത്തുന്നതിനായി Direct Benefit Transfer (DBT) സംവിധാനം ഉപയോഗപ്പെടുത്തുന്നു.<br><br>സ്കീമുകളുടെ പുരോഗതി, വിലയിരുത്തൽ എന്നിവ MIS ൽ രേഖപ്പെടുത്തുന്നു.<br><br>പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവ IKM തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയർ അടിസ്ഥാനമാക്കി നടത്തപ്പെടുന്നു.<br><br>വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങളും റിപ്പോർട്ടുകളും പൊതുജനങ്ങൾക്ക് ലഭ്യമാകും വിധം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽതുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി |

പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച അതിനൂതന സോഫ്റ്റ് വെയറായ ILGMS (Integrated Local Government Management System) സോഫ്റ്റ് വെയർ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.

ഓഫീസ് പ്രവർത്തനങ്ങൾ കാലഘട്ടത്തിനനുസൃതമായി വിവരസാങ്കേതികവിദ്യയുടെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനാണ് ILGMS ലക്ഷ്യമിടുന്നത്. വിഭിന്നങ്ങളായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി വിവരസാങ്കേതികവിദ്യ പ്രയോഗത്തിൽ വരുത്തുന്നതിനും അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനും കഴിയുന്ന രീതിയിൽ കടലാസ് രഹിത ഫയൽ നീക്കമാണ് സോഫ്റ്റ് വെയറിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഓഫീസുകളിലെ മനുഷ്യവിഭവശേഷിയുടെ പരിമിതിയെ മറികടക്കുന്നതിന് സഹായകമാകുന്ന രീതിയിൽ ഇൻറലിജന്റ് ഗവേണൻസിന്റെ സാദ്ധ്യതകൾ സോഫ്റ്റ് വെയറിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഉപയോഗിച്ചു വരുന്ന വിവധ സോഫ്റ്റ് വെയറുകൾ ഒറ്റ ലോഗിനിലൂടെ ലഭ്യമാക്കുകയും സർക്കാർ സംവിധാനത്തിൽ നിലവിൽ ഉപയോഗിച്ചു വരുന്ന മറ്റ് വെബ് അധിഷ്ഠിത സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ പഞ്ചായത്തുകൾ നൽകി വരുന്ന സേവനങ്ങളുടെ ഗുണനിലവാരം പരമാവധി കുറ്റമറ്റതാക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. നിയമാനുസൃതമായും സമയബന്ധിതമായും കാര്യക്ഷമതയോടെയും സുതാര്യത ഉറപ്പുവരുത്തിക്കൊണ്ടും ലോകത്തിന്റെ ഏതു കോണിലിരുന്നും ഏതു സമയത്തും സേവനം പ്രാപ്യമാക്കി ഗ്രാമപഞ്ചായത്തുകളെ ജനസ്വീകാര്യ സേവന കേന്ദ്രങ്ങളായി മാറ്റാനും മികച്ച നിലവാരത്തിലേക്ക് ഉയർത്താനും സജ്ജമായ രീതിയിലാണ് ILGMS തയ്യാറാക്കിയിരിക്കുന്നത്.

സംസ്ഥാനത്തെ നഗരസഭകളിൽ നിന്നും സേവനങ്ങൾ ജനകീയമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി നിരവധി ഓൺലൈൻ സേവനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. കെട്ടിട നിർമ്മാണ അനുമതി കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനായി I.B.P.M.S സോഫ്റ്റ് വെയർ, തൊഴിൽ നികുതി പിരിവ് സുതാര്യമാക്കുന്നതിനായി

| | | | |
|---|---|---|---|
| | | | IIITMK യുമായി സഹകരിച്ച് ഓൺലൈൻ പോർട്ടൽ എന്നിവ പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. പൊതുജനങ്ങൾക്കു നഗരസഭാ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനു സിറ്റിസൺ സർവീസ് പോർട്ടൽ ഐ.കെ.എം-ന്റെ സഹായത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്. നഗരസഭ നൽകുന്ന സേവനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി URBAN-ERP എന്ന ഓൺലൈൻ പോർട്ടൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സർക്കാർ സേവനം വാതിൽപ്പടിയിലെത്തിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഉണ്ട്.<br><br>വാതിൽപ്പടി സേവനം പദ്ധതി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ